**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 336** **16.12.2014-ൽ മറുപടിയ്ക്ക്**

## പവർഗ്രിഡ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീല പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പവർഗ്രിഡ് കോർപ്പറേഷൻ കേരളത്തിന് ലൈനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, എൻ. റ്റി. പി. സി, വൈദ്യുതി വ്യാപാർ നിഗം എന്നീ വൈദ്യുതി വ്യാപാരികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ വഴി, 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ കരാറിലേർപ്പെട്ടിട്ടുള്ള 300 മെഗാവാട്ട് വൈദ്യുതിയും പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 100 മെഗാവാട്ട് വൈദ്യുതിയും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് ഇടക്കാല ഓപ്പൺ ആക്സസിന് അപേക്ഷിച്ചപ്പോൾ, വിവിധ തടസ്സങ്ങളാൽ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് ടി വൈദ്യുതി കൊണ്ടുവരുന്നതിന് ഇടക്കാല ഓപ്പൺ ആക്സസ് അനുവദിച്ചിട്ടില്ല. |
| (ബി) ഇതുമൂലം വടക്കൻ കേരളത്തിൽ വൈദ്യുതി നിയന്ത്രണം വേണ്ടി വരുന്നുണ്ടോ ; | (ബി) ഇല്ല. സംസ്ഥാന വൈദ്യുതി ബോർഡ്, എൻ. റ്റി. പി. സി വൈദ്യുതി വ്യാപാർ നിഗം, പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയ വൈദ്യുതി വ്യാപാരികളുമായി മത്സരാധിഷ്ഠിത ടെണ്ടർ വഴി കരാറിൽ ഏർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുന്നതിന്, സംസ്ഥാനത്തിനകത്തുള്ള ചെലവുകൂടിയ എൻ. റ്റി. പി. സി. യുടെ കായംകുളം നിലയത്തിൽ നിന്നും, ബി. എസ്. ഇ. എസ്. നിലയത്തിൽ നിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കൂടുതലായി വൈദ്യുതി വാങ്ങി സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നുണ്ട്. |
| (സി) ഈ നടപടിക്കെതിരെ കേന്ദ്ര റഗുലേറ്ററി കമ്മീഷനെ സമീപിക്കുവാൻ കാലതാമസം വന്നിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ? | (സി) ഇല്ല. |

**സെക്ഷൻ ഓഫീസർ.**